# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3418 — 20/06/2018-ൽ മറുപടിയ്ക്ക്

## സമാശ്വാസ തൊഴിൽദാനപദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലിയിലിരിക്കവേ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിനായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വിവിധ വകുപ്പുകളിൽ നിയമനത്തിനായി എത്ര അപേക്ഷകളാണ് ഇപ്പോൾ പെൻഡിംഗിലുള്ളത് എന്ന് വകുപ്പ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ; ഇതിൽ സർക്കാർ ഉത്തരവ് നൽകുകയും എന്നാൽ നിയമന ഉത്തരവിനായി കാത്തിരിക്കേണ്ടിവരികയും ചെയ്യുന്നവരുടെ എണ്ണം എത്ര എന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ; | (എ) യും (ബി) യും | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) സെക്രട്ടേറിയറ്റ് സർവ്വീസിൽ ആശ്രിത നിയമനത്തിനായി സാധാരണഗതിയിൽ മറ്റ് സർക്കാർ വകുപ്പുകളിൽ ഉള്ളതുപോലെ നീണ്ടകാലം കാത്തിരിക്കേണ്ടി വരാറില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സെക്രട്ടേറിയറ്റ് സർവ്വീസും മറ്റ് സർക്കാർ ഡിപ്പാർട്ട്മെന്റുകളും തമ്മിൽ ഇക്കാര്യത്തിലുള്ള അന്തരം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | | |

| | | |
|---|---|---|
| (സി) ആശ്രിതനിയമനങ്ങൾക്കായി സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളവരിൽ ഡ്യൂട്ടിയിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർ എത്ര പേരെന്ന് സർക്കാർ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ അവരുടെ പട്ടിക വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ; ഇത്തരക്കാർക്ക് സീനിയോറിറ്റി പരിഗണിക്കാതെ ഉടൻ നിയമനം നൽകുന്നതിന് എന്തെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; കോപ്പി ലഭ്യമാക്കാമോ; എങ്കിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് ഇത് സംബന്ധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കാമോ; | (സി) യും (ഡി) യും | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) ഡ്യൂട്ടിയിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതനിയമനങ്ങൾക്ക് സീനിയോറിറ്റി ബാധകമല്ലെന്ന സർക്കാർ ഉത്തരവ് ഉണ്ടായിരിക്കെ, വർഷങ്ങളായി സീനിയോറിറ്റിയുടെ പേരിൽ മാത്രം നിയമനം നിഷേധിക്കപ്പെട്ടവരുടെ നിയമനത്തിൽ ബന്ധപ്പെട്ട വകുപ്പുതലവൻമാർ വരുത്തിയിട്ടുള്ള വീഴ്ചയ്ക്കും അതുവഴി അവർക്കുണ്ടായിട്ടുള്ള സാമ്പത്തിക, സർവ്വീസ്, സീനിയോറിറ്റി നഷ്ടത്തിനും എന്ത് പരിഹാരമാണ് നൽകാൻ കഴിയുക എന്ന് വ്യക്തമാക്കാമോ; | | |

സെക്ഷൻ ഓഫീസർ.